The clause as modified will read thus:—

34 (1) "The driver of every hackney carriage of the description specified in clause (f) of Section 8 standing or plying for hire shall drive such carriage to any place named by the hirer which is not more than three miles from the place of hiring".

2. In sub-clause (2) of Clause 34, for the words "such carriage" substitute the words "hackney carriage".

3. For clause 39 (new clause) the following clause shall be substituted:—

Special provision regarding rikshaws

"Notwithstanding anything contained in this Act, the fine in respect of any offence relating to rikshaws under this Act shall not exceed ten rupees."

Minister for Finance and Revenue **(Sri. A. J. John):** I second it.

The question that the Travancore-Cochin Hackney Carriage Bill as amended be passed, was put and carried.

The Bill was passed.

The Travancore-Cochin Fisheries Bill—(*contd.*)

Chief Minister **(Sri. T. K. Narayana Pillai):** I beg to present the report of the Select Committee on the Travancore-Cochin Fisheries Bill and move that the Bill as reported by the Select Committee may be taken up for consideration.

Minister for Finance and Revenue **(Sri. A. J. John):** I second it.

The question that the Travancore-Cochin Fisheries Bill as revised by the Select Committee be taken up for consideration was put and carried.

The Bill was taken up for consideration.

Clause 2

Sri. Raphael J. Rodriguez: I move that "in clause 2, in the definition of "Private Water' delete all the words beginning with 'or' in the second line".

സർ, ഈ ഭേഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്, ഗവൺമ്മെണ്ടുവകയായിട്ടുള്ള ജലാശയങ്ങളും ആക്കിക്കിലും പാട്ടമായോ മറെറാ ആദായമെടുക്കുന്നതിനായി കൊടുക്കാതിരിക്കണമെന്നാണു്. പ്രൈവറെ പാട്ടികളും പലവിധത്തിൽ ഗവൺമ്മെണ്ടിനെ സ്വാധീനപ്പെടുത്തി അന്യായമായി ഈ സ്ഥലങ്ങളും കൈവശം വച്ചുകൊണ്ടു കൂടുതൽ ആദായം എടുക്കുന്നതായി കാണുന്നു- സാധുക്കളായ മത്സ്യത്തൊഴിലാളികളെ ഈ സ്ഥലങ്ങളിൽനിന്നും മത്സ്യം പിടിക്കാൻ ഇവർ അനുവദിക്കുന്നില്ല. ഇതു തടയണമെന്നാണു എനിക്കു പറയുവാനുള്ളതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. ഈ ഭേഗതികൊണ്ടുദ്ദേശിക്കുന്നതു്, പ്രൈവറെവാട്ടേഴ്സിന്റെ ഉടമസ്ഥനായി പരിപൂർണ്ണമായ ഉടമസ്ഥനെ മാത്രമെ ഉൾപ്പെടുത്താവൂ എന്നാണു്. എന്നാൽ നിയമം ഇപ്പോൾ ഇരിക്കുന്ന സ്ഥിതിക്കു പരിപൂർണ്ണമായ ഉടമസ്ഥനൊ, അല്ലെങ്കിൽ പാട്ടക്കാരനൊ, അല്ലെങ്കിൽ വേറെ ഏതെങ്കിലും വിധത്തിൽ കൈവശം വച്ചുകൊണ്ടിരിക്കുന്ന ഉടമസ്ഥനൊ ഇതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടും. അതിനു് പ്രത്യേകം ഒരു കാരണമുണ്ടു്. ഈ പ്രൈവറെ പാർട്ടീസിനും ലൈസൻസ് കൊടുക്കാനുള്ള അധികാരം ഗവൺമ്മെണ്ടിനുണ്ടു്. അതുകൊണ്ടു ഈ വകുപ്പു ഈ നിലയിൽതന്നെ പാസാക്കേണ്ടതാണു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ലൈസൻസു കൊടുക്കുന്നതിനു ഉടമസ്ഥാവകാശം വേണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: 8-ാം വകുപ്പിൽ അതിനെ സംബന്ധിച്ചു വ്യവസ്ഥകളുണ്ട്.

The amendment was put and lost.
The question that Clause 2 stand part of the Bill was put and carried.
The Clause was added to the Bill.

Clause 3

The question that Clause 3 stand part of the Bill was put and carried.
The Clause was added to the Bill.

Clause 4

Sri. Raphael J. Rodriguez: Sir, I move that "in Clause 4, sub-clause (4) at the end, add as (g) '(g) the laying of curumboo' (കുറമ്പു) and transfer the word 'and' at the end of (e) to the end of (f)".

സർ, കുറമ്പു സംപ്രദായം മത്സ്യവ്യവസായത്തെ നശിപ്പിക്കുന്ന ഒരു സമ്പ്രദായമായിട്ടാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. ജലാശയങ്ങളിൽ ചെടികളുടെ പടലുകളും പടപ്പുകളും കൊണ്ടിട്ടു മത്സ്യങ്ങൾ അവിടെവന്നു് മുട്ടയിട്ടു താമസിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുകയും ഒടുവിൽ അവയെ എല്ലാം ഒന്നാകെ പിടിച്ചെടുക്കുകയും ചെയ്യുന്ന സംപ്രദായമാണിതു്. ഈ സംപ്രദായം മത്സ്യങ്ങളെയെല്ലാം നശിപ്പിക്കുന്നതുകൊണ്ടു നമ്മുടെ സാമ്പത്തിക വിഭവത്തെത്തന്നെ ഇതു നശിപ്പിക്കുകയാണു് ചെയ്യുന്നതു്. ഇതു് കേവലം ചില ശക്തന്മാരായ ജനങ്ങൾമാത്രം ചെയ്യുവരുന്നതും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ഇങ്ങനെയുള്ള ജലാശയങ്ങളിൽനിന്നു മത്സ്യം പിടിക്കാൻ അനുവദിക്കാതെ അവരെ അടിച്ചോടിക്കുന്നതിനു് പ്രയോജനമായിത്തീരുന്നതുമാണു്. അത്തരം മർദ്ദനത്തെ ഇല്ലാതാക്കുന്നതിനും മത്സ്യത്തെ നശിപ്പിക്കാതെ സൂക്ഷിക്കുന്നതിനും ഈ ഭേദഗതി ആവശ്യമാണു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഭേദഗതിയെയും ഞാൻ എതിർക്കുന്നു. കുറമ്പു സംപ്രദായം എന്നു പറയുന്നതു മത്സ്യം പിടിക്കുന്നതിനുള്ള ഒരു സംപ്രദായമാണു്. മത്സ്യത്തെ ആകർഷിക്കുന്നതിനുള്ള ഒരു വിദ്യയാണതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മത്സ്യത്തെ ആകർഷിച്ചു നശിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംപ്രദായംകൊണ്ടു മത്സ്യങ്ങൾക്കു് നാശമൊന്നും ഉണ്ടാകാൻ പോകുന്നില്ല. പിന്നെ മർദ്ദനത്തെപ്പറ്റി പറയുകയുണ്ടായി. ഈ വകുപ്പിൽ (സി), (എഫ്) ഈ ഉപവകുപ്പുകളിൽ ഇങ്ങനെയുള്ള മർദ്ദനങ്ങളെ തടയുന്നതിനുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്. അതിലേക്കാവശ്യമായ രൂപകം ഉണ്ടാക്കുന്നതിനുള്ള അധികാരവും ഗവർമ്മെന്റിനുണ്ടു്. അതുകൊണ്ടു ഈ ഭേദഗതിയുടെ ആവശ്യമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: (എഫ്) ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണു്. "Destruction of fish or depletion of fisheries by pollation by trade or industrial effluents" ഇങ്ങനെ ഇതിൽ പ്രത്യേകം പറഞ്ഞിരിക്കുന്നതുപോലെ (ഡി)യിലും പറഞ്ഞാൽ കൊള്ളാം എന്നാണു് ഞാൻ പറയുന്നതു്. ഇല്ലെങ്കിൽ ഇതൊരവകാശമായിട്ടു ഗണിച്ചുപോകും.

The amendment was put and lost.

LIBRARY ARCHIVES Kerala Legislative Assembly

The question that clause 4 stand part of the Bill was put and carried.
Clause was added to the Bill.

Clauses 5 to 8

The question that clauses 5 to 8 stand part of the Bill was put and carried.
Clauses were added to the Bill.

Clause 9

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: എന്റെ ഭേദഗതി ഇതാണ്.

At the end of clause 9, add the following proviso:

"But nothing in this Section shall empower any person to collect any kind of fee over and above one fixed licence fee with respect to any one movable fishing contrivance for fishing in water not being 'Private water' in any part of the State".

ഈ പ്രൊവൈസൊ ഇതിൽ ചേർക്കണമെന്നു ഞാൻ പറയുന്നതു് മത്സ്യം പിടിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഗവൺമെണ്ടിൽനിന്നും ഒരു ലൈസൻസു എടുത്തു കഴിഞ്ഞാലും, രണ്ടുമൂന്നു കുത്തകക്കാരിൽ നിന്നും പാസുകൾ കൂടി എടുത്താലേ അവർക്കു അവരുടെ തൊഴിൽ നടത്താൻ സാധിക്കുകയുള്ളു എന്നവരുന്നതിനെ മാറ്റികിട്ടണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണു്. ഇപ്പോൾ പുറമ്പോക്കു ജലാശയങ്ങളിൽനിന്നു മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ചിലർക്കുമാത്രം കുത്തകയായി കൊടുത്തിരിക്കുകയാണു്. തന്മൂലം ഒരാൾതന്നെ രണ്ടും മൂന്നും പാസുകൾ എടുക്കേണ്ടതായുണ്ടു്. അതു ആ തൊഴിൽ ചെയ്യുന്ന ആളുകൾക്കു പല അസൗകര്യങ്ങളും നഷ്ടവും ഉണ്ടാകുവാൻ കാരണമാകുന്നുണ്ടു്. കൂടാതെ ഒരു സ്ഥലത്തേക്കു പാസെടുത്തു മത്സ്യം പിടിക്കുന്ന ഒരാൾ, മറ്റൊരു സ്ഥലം കടന്നു ആ സ്ഥലത്തേക്കു പോകുകയാണെങ്കിൽ, ഈ രണ്ടാമത്തെ സ്ഥലത്തേക്കു അയാൾ പാസെടുക്കണമെന്നു പറയുന്നതു ശരിയല്ല. ഈ കുത്തക എടുപ്പാർട്ട നിറുത്തണമെന്നു അപേക്ഷിക്കാൻ തുടങ്ങിയിട്ടു വർഷങ്ങൾ അധികമായി. രണ്ടു വർഷങ്ങൾക്കു മുമ്പു വൈക്കത്തുള്ള വാലസേവാസമിതിയും, അതിനുശേഷം അഖിലതിരുവിതാംകൂർ മത്സ്യവ്യവസായോദ്ധാരണക്കമ്മിറ്റിയും നിവേദനങ്ങൾ അയച്ചു. ഈ സഭയിലെ പതിനെട്ടു അംഗങ്ങൾ ചേർന്നു ഗവൺമെണ്ടിൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇതു നിറുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. അവയിന്മേൽ ഗവൺമെണ്ടു യാതൊന്നും ചെയ്തില്ല. കുറച്ചു ദിവസങ്ങൾക്കുമുമ്പു എന്റെ ഒരു ചോദ്യത്തിനു ഈ സഭയിൽ മറുപടി പറഞ്ഞതു് കുത്തക എർപ്പാടു നിറുത്താൻ ഉദ്ദേശിക്കുന്നില്ലെന്നും മത്സ്യവ്യവസായികളുടെ സഹകരണസംഘങ്ങൾ കുത്തക പിടിക്കയാണെങ്കിൽ വൈഷമ്യങ്ങൾ നീങ്ങുമെന്നുമാണു്. ഞാൻ അതു വിശ്വസിക്കുന്നില്ല. ഏതായാലും കുത്തക കൊടുക്കുന്ന എർപ്പാടു പലവിധത്തിലും ആ തൊഴിലാളികൾക്കു ഉപദ്രവകരമാണു്. ഇപ്പോൾതന്നെ ഒരു പാസിനു് നാലരമുതൽ ഏഴരവരെ രൂപാ ഫീസു് കൊടുക്കണം. ഈയിടെ ഒരു കൺട്രാക്ടർ നാലരരൂപായുടെ പാസ്സിനു് ഏഴരരൂപാ ആവശ്യപ്പെട്ടുവെന്നു പരാതിയുണ്ടായി. ഫിഷറി ഇൻസ്പെക്ടർ ചെന്നപ്പോൾ നാലര രൂപാവച്ചു കൊടുത്താൽ മതിയെന്നു സമ്മതിച്ചു. എന്നാൽ ആ ഉദ്യോഗസ്ഥൻ മടങ്ങിയതിനു ശേഷം പിന്നെയും ഏഴരരൂപാ നിരക്കു ആവശ്യപ്പെട്ടു. ഇങ്ങനെ കൺട്രാക്ടരുടെ ഇഷ്ടം അനുസരിച്ചു ഫീസു കൊടുക്കണമെന്നു വരുന്നതു് അവർക്കു വലിയ നഷ്ടമാണു്. അതുകൊണ്ടു അങ്ങിനെയുള്ള ഫീസ്സു് അവരിൽനിന്നും ഈടാക്കാതിരിക്കുകയും പാവപ്പെട്ടവരായ അവർക്കു ഒരു ലൈസൻസുപയോഗിച്ചു ഏതു ജലാശയത്തിലുംനിന്നു മത്സ്യം പിടിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുകയുമാണു് വേണ്ടതു്. ഗവൺമെണ്ടിനു വരവു കുറഞ്ഞുപോകാതിരിക്കുന്നതിനു് ലൈസൻസുഫീസിന്റെ തുക വർദ്ധിപ്പിക്കാവുന്നതാണു്. അതുകൊണ്ടു ഈ ക്ലാസ്സിൽ ഇതുംകൂടി ഉണ്ടായിരിക്കണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ലൈസൻസ് കൊടുക്കുന്നതു രണ്ടു കാര്യങ്ങളെ ആസ്പദമാക്കിയാണു്. ഒന്നാമതു് ഏതു സ്ഥലത്തു ഫിഷിംഗു് നടക്കുന്നുവോ ആ സ്ഥലത്തേയ്ക്കു് ലൈസൻസു് കൊടുക്കുക. രണ്ടാമതു് കൺടൈവൻസു് അനുസരിച്ചാണു് ലൈസൻസു് കൊടുക്കുന്നതു്. അതു ഏതുഭാഗത്തു കൊണ്ടുവച്ചാലും പുതിയതായി ലൈസൻസു് എടുക്കേണ്ടയാവശ്യമില്ലെന്നാണു് ഈ ഭേദഗതിയിൽ കാണുന്നതു്. ലൈസൻസു് കൊടുക്കേണ്ടതു്, ഏതു തരം വ്യക്തികൾക്കാണു് എന്നുള്ളതിനെ സംബന്ധിച്ചു് റൂളുകൾ ഉണ്ടാക്കുവാനാണു് ഈ നിയമം ഗവൺമെണ്ടിനെ അധികാരപ്പെടുത്തിയിരിക്കുന്നതു്. ആ റൂൾസു് ഉണ്ടാക്കുമ്പോൾ ശ്രീമാൻ റൊഡ്രിഗ്സു് പറഞ്ഞ കാര്യം പ്രത്യേകമായി ആലോചിക്കാവുന്നതാണു്. . ഫിഷിംഗു് കൺടൈവൻസു് ഏതു സ്ഥലത്തുപയോഗിക്കുന്നുവോ ആ സ്ഥലത്തു ലൈസൻസു് കൊടുക്കേണ്ടതാണെന്നുള്ള തത്വത്തെപ്പറ്റി റൂളുകളുണ്ടാക്കുമ്പോൾ പ്രത്യേകം വ്യവസ്ഥ ചെയ്യുന്നതിനു ഗവൺമെണ്ടു് തീർച്ചയായും പരിഗണന നൽകുന്നതാണു്. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സു്: ഞാൻ ഈ ഭേദഗതി പ്രസ്സു് ചെയ്യുന്നില്ല.

The amendment was, by leave, withdrawn.
The question that clause 9 stand part of the Bill was put and carried.
The clause was added to the Bill.

Clauses 10 to 17

The question that clauses 10 to 17 stand part of the Bill was put and carried.
The clauses were added to the Bill.

Clause 18

Sri. Raphael J. Rodriguez: I move:

"In clause 18, delete 'by any person other than a Magistrate' in lines 5 and 6".

ഈ ഭേദഗതി വരുത്തേണ്ടതാണു്. ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു് ഒരു സംഗതിയെപ്പറ്റിയുള്ള അവസാന തീരുമാനം ഒരു മജിസ്ട്രേട്ടിനുണ്ടായിരിക്കേണ്ടതാണു്. ആ മജിസ്ട്രേട്ടിന്റെ തീരുമാനത്തിന്മേൽ ഒരു അപ്പീൽ ബോധിപ്പിക്കുവാൻ ഉള്ള അവകാശം കൂടി ഇതിൽ ചേർക്കുവാൻ വേണ്ടിയാണു് ഞാൻ ഈ ഭാഗം എടുത്തുകളയണം എന്നാവശ്യപ്പെടുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. വലിയൊരുതെറ്റിദ്ധാരണയോടുകൂടിയാണു് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. മജിസ്ട്രേട്ടിന്റെ ഉത്തരവിനെ എവിടെയാണു അപ്പീൽകൊടുക്കേണ്ടതു് എന്നുള്ളതു് ക്രിമിനൽ പ്രൊസീഡിയർകോഡിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഈ നിയമത്തിൽ ആ മാതിരിയുള്ള വ്യവസ്ഥകൾ ചേർക്കേണ്ട ആവശ്യമില്ല. ശിക്ഷയെ സംബന്ധിച്ചിടത്തോളം എവിടെയാണു് അപ്പീൽ കൊടുക്കേണ്ടതെന്നു ഇതിൽ പ്രത്യേകം വ്യവസ്ഥ ചെയ്യണമെന്നാണു് ആവശ്യപ്പെടുന്നതു്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇപ്പോൾ രണ്ടാംക്ലാസു് മജിസ്ട്രേട്ട കോടതിൽ നിന്നു ഒരു ശിക്ഷയുണ്ടായിട്ടുണ്ടെങ്കിൽ ആ കാര്യത്തിൽ അപ്പീൽ കൊടുക്കുന്നതിനു ക്രിമിനൽ നടപടി നിയമത്തിൽ വ്യവസ്ഥയുണ്ടു്. അതുകൊണ്ടു് മജിസ്ട്രേട്ടിന്റെ വിധിയുടെ അപ്പീലധികാരം നിഷ്കർഷിക്കുന്നതിനെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ച് പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ല. ഈ സംഗതി നല്ലപോലെ അദ്ദേഹത്തിനു നിശ്ചയമില്ലാത്തതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തോട് ഇതു പിൻവലിക്കണമെന്നു ഞാനപേക്ഷിക്കുന്നു. പിൻവലിക്കുന്നില്ലെങ്കിൽ ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഞാൻ ഈ ഭേദഗതി പിൻവലിക്കുന്നു.

The amendment was, by leave, withdrawn.
The question that clause 18 stand part of the Bill was put and carried.
The clause was added to the Bill.

Clause 19

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സർ, എന്റെ ഭേദഗതി ഇതാണ്.

At the end of sub-clause (1) of clause 19, add the following proviso:
"But no such exclusive right shall be granted to any club or association, if the membership of that club or association is not confined to bonafied fishermen or scientific research workers, in case the water is not 'Private water'."

ബില്ലിൽ പറയുന്നതു ഇപ്രകാരമാണ്.

19. *Power of Government to concede right of taking certain imported fish to clubs or associations.*—(1) Whenever it appears that adequate arrangements have been made by any club or association for preserving and protecting in any water any non-indigenous variety of fish specified by the Government by Notification in the Gazette, the Government may by order in writing concede to such club or association the exclusive right of taking such fish in such water within such limits and for such period and subject to such conditions as the Government may deem fit.

ഏതെങ്കിലും ജലാശയങ്ങളിൽ മത്സ്യം പിടിക്കുന്നതിനായിട്ടുള്ള അവകാശം ചില സംഘടനകൾക്കു കൊടുക്കുന്നതിനെപ്പറ്റിയാണ് ഇതിൽ പറഞ്ഞിരിക്കുന്നതു. എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു, മത്സ്യം വളർത്തുന്നതിനവകാശം നൽകിയിട്ടുള്ള സംഘങ്ങളിലെ അംഗങ്ങൾ എല്ലാവരും മത്സ്യവ്യവസായികളോ, ശാസ്ത്രീയ ഗവേഷകന്മാരോ ആയിരിക്കണമെന്നുള്ളതാണ്. ഇപ്പോൾ ചില പ്രത്യേക സ്ഥലങ്ങളിൽ ഒരു കൂട്ടർ മത്സ്യം പിടിക്കുകയും മത്സ്യം വളർത്തുകയും മറ്റുള്ളവരെ അവിടെ പ്രവേശിപ്പിക്കാതെയിരിക്കുകയും ചെയ്യുന്നു. അതു മത്സ്യ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സംഘങ്ങൾക്കു വിട്ടുകൊടുക്കണമെന്നു ഇതിൽ വ്യവസ്ഥ ചെയ്യുന്നതു നന്നായിരിക്കും. മത്സ്യ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനും അവരുടെ ഉന്നമനത്തിനും ഇതു വളരെ ഉപകാരപ്പെടുമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു ഇതു സ്വീകരിക്കണമെന്നു ഞാനപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഭേദഗതിയും സ്വീകാര്യമല്ലാതെയാണിരിക്കുന്നതു. ഇതിനു ഒരു ചരിത്രം തന്നെയുണ്ട്. ശ്രീമൂലം പോപ്പുലർ അസംബ്ലിയിൽ ഇതിനെ സംബന്ധിച്ച് പല നിവേദനങ്ങളും ഉണ്ടായിട്ടുണ്ട്. ഫാറൻ ഏ–ലെ ഫാഫാം അക്കാലത്തു ഇപ്പോഴും ആ അവകാശം തന്നെയാണനുഭവിച്ചുവരുന്നതു. പരമ്പരാഗതമായ നല്ല മത്സ്യങ്ങൾ വളരെ പണം ചെലവാക്കി നോർത്ത് ഇൻഡിജിനസ് ഫിഷിംഗിനുവേണ്ടി ശേഖരിച്ചിരുന്നു. അതു ശേഖരിക്കുവാൻ പ്രത്യേകം അവകാശം ഉണ്ടായിരിക്കേണ്ടതാണ് എന്നു കാണി

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. K. Narayana Pillai]

ച്ച് ശ്രീമൂലം പോപ്പുലർ അസ്സംബ്ലിയിലും നിയമസഭയിലും പല നിവേദനങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. നോൺ ഇൻഡിജിനസ് ഫിഷിംഗിനെ പ്രോത്സാഹിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഫോർഷോർ ഭേദപ്പെടുത്തിയ നിയമത്തിൽ ഈ വകുപ്പു ചേർത്തിട്ടുള്ളത്. ആ സ്ഥിതിഗതികൾതന്നെയാണ് ഇന്നും നിലവിൽ ഇരിക്കുന്നത്. ഈ മാതിരിയുള്ള അവകാശങ്ങളെ ഭർവി നിയോഗം ചെയ്യാതിരിക്കുവാൻ വേണ്ടി ഉണ്ടാക്കുന്നതിനു ഗവൺമെണ്ടിനവകാശമുണ്ട്. ഇതിൽ മത്സ്യത്തൊഴിലാളികൾമാത്രമേ അംഗങ്ങളായിരിക്കുവാൻ പാടുള്ളൂ എന്നു ശ്രീമാൻ റൊഡ്രിഗ്സിന്റെ ഭേദഗതി സ്വീകരിച്ചാൽ ഈ എല്ലാ ഉദ്ദേശത്തോടുകൂടി ഫോർഷോർ കൊണ്ടുവന്നതാവോ ആ ഉദ്ദേശംതന്നെ തീരെ പരാജയപ്പെട്ടുപോകുന്നതാണ്. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clause 19 stand part of the Bill was put and carried.

The Clause was added to the Bill.

Clauses 20 to 24

The question that Clauses 20 to 24 stand part of the Bill was put and carried.

The Clauses were added to the Bill.

Clause 1

The question that Clause 1 with the (Title) stand part of the Bill was put and carried.

The Clause was added to the Bill.

Preamble

The question that the Preamble stand part of the Bill was put and carried.

The Preamble was added to the Bill.

Sri. T. K. Narayana Pillai: Sir, I move that the Bill be passed.

Sri. A. J. John: I second the motion.

The motion was put and carried.

The Bill was passed.

Mr. Speaker: As the business set down for the day has terminated, we shal take up the discussion of the adjournment motion.

ADJOURNMENT MOTION REGARDING CONTROL PRICE OF RUBEER

Sri. P. Balakrishnan Tampi: I beg to move,—

That the business of the Assembly be adjourned for discussing a definite matter of urgent public importance, namely, the threat of immediate unemployment of thousands of workers in the Rubber Estates consequent on the reported resolve of the major rubber planters in the State to give up their plantations as the controlled price of rubber is not any longer economic.

In moving this resolution, Sir, I wish to confess to the feeling that if I take the time of this House by a lengthy speech that would be the greatest disservice I can do to this House. I am only thanking you and the House for the very helpful attitude in regard to this matter, Judging from the number of helpful questions and answers which we had this morning in this House. Therefore, I do not wish to

LIBRARY ARCHIVES Kerala Legislative Assembly